ഹദീസ്

സാലിം അബ്ദുൽ മജീദ്

# ആര് ഭക്ഷിച്ചാലും കർഷകന് ഗുണമുണ്ട്

عَنْ أَنَس رَضِي الله عَنْهُ قَالَ: قَالَ رَسُولُ الله صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا أَوْ يَزْرَعُ زَرْعاً فَيَأكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ إِلّاَ كَانَ لَهُ بِهِ صَدَقَةٌ (البخاري)

**അനസി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: ''ഒരു മുസ്‌ലിം ചെടി നട്ടുപിടിപ്പിക്കുന്നു, അല്ലെങ്കിൽ കൃഷി ചെയ്യുന്നു, എന്നിട്ടതിൽ നിന്നു പക്ഷിയോ മനുഷ്യനോ മൃഗമോ തിന്നാനിടവരുന്നു. എങ്കിലവന് സ്വദഖയുടെ/ദാനധർമത്തിന്റെ ഫലം തീർച്ചയായും ഉണ്ടാകാതിരിക്കില്ല'' (ബുഖാരി).**

മനുഷ്യന്റെയും മറ്റേത് ജീവജാലങ്ങളുടെയും നിലനിൽപ്പിന് അനിവാര്യമാണ് ആഹാരം. മനുഷ്യരുടെ ആഹാരങ്ങളിൽ പ്രധാനമാണ് ധാന്യങ്ങളും കായ്കനികളുമൊക്കെ. ഇതെല്ലാം ലഭിക്കണമെങ്കിൽ വൃക്ഷങ്ങളും സസ്യങ്ങളും നട്ടുവളർത്തണം. ഇത് നമ്മൾ കൃഷി ചെയ്തതാണെങ്കിൽ അതിൽനിന്ന് പക്ഷിയോ മൃഗമോ മറ്റു ജീവജാലങ്ങളോ ഭക്ഷിച്ചാൽ പോലും അത് നട്ടു വളർത്തിയ ആളുകൾക്ക് സ്വദഖയുടെ കൂലി ലഭിക്കുമെന്നാണ് നബി(സ) പറഞ്ഞിരിക്കുന്നത്.

പ്രസ്തുത സേവനങ്ങൾ ചെയ്യുന്നയാൾ തനിക്കും തന്റെ കുടുംബാംഗങ്ങൾക്കും തന്റെ സമൂഹത്തിനും വലിയ സഹായമാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് ഇസ്‌ലാം കൃഷിക്ക് വലിയ പ്രാധാന്യം നൽകുന്നത്. നബി(സ) പറയുന്നു: ''ആർക്കെങ്കിലും ഭൂമിയുണ്ടെങ്കിൽ അതിൽ കൃഷി ചെയ്തു കൊള്ളട്ടെ. കൃഷി ചെയ്യുന്നില്ലെങ്കിൽ തന്റെ സഹോദരന് നൽകട്ടെ. അവൻ നിരസിക്കുകയാണെങ്കിൽ അവന്റെ ഭൂമി പിടിച്ചെടുക്കട്ടെ'' (അഹ്‌മദ്, നസാഈ, ഇബ്നുമാജ). നബി(സ) അധ്വാനത്തെയും നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. തൊഴിൽ പ്രധാനമായും മൂന്ന് വിധമുണ്ട്. കൃഷി, കച്ചവടം, കൈത്തൊഴിലുകൾ. ഇതിൽ ഏറ്റവും ഉത്തമമായിട്ടുള്ള തൊഴിൽ കൃഷി തന്നെയാണ്. അല്ലാഹുവിനെ മനസ്സിൽ ഓർത്ത് സദുദ്ദേശ്യത്തോടെയാണ് ഒരു കർഷകൻ കൃഷി ചെയ്യുന്നതെങ്കിൽ അതിൽനിന്ന് ആര് ഭക്ഷിച്ചാലും അവന് സ്വദഖയുടെ കൂലി ലഭിക്കും.

കൃഷി ചെയ്യുന്നത് വഴി ഒരാൾക്ക് രണ്ട് തരത്തിൽ നേട്ടമുണ്ടാകും. കായികാധ്വാനമാണ് ഒന്ന്. അത് അയാളുടെ ആരോഗ്യം പരിരക്ഷിക്കും. കൃഷി ചെയ്യുന്നതിന്റെ മഹത്വമാണ് രണ്ടാമത്തേത്. ആ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് നബി (സ) പറഞ്ഞത്: ''നാളെ ലോകാവസാനമാണെന്ന് അറിഞ്ഞാൽ പോലും നിങ്ങളുടെ കൈയിൽ ഒരു വൃക്ഷത്തൈ ഉണ്ടെങ്കിൽ അത് നിങ്ങൾ നടുക തന്നെ വേണം.''

നാം കൃഷി ചെയ്യുന്നത് നമുക്ക് വേണ്ടി മാത്രമല്ല. അത് മറ്റുള്ളവർക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ കൂടിയായിരിക്കണം. ഒരിക്കൽ ഇടവഴിയിൽ ഒരു വൃദ്ധൻ ഒലിവു മരം നടുകയായിരുന്നു. ആ വഴിയിലൂടെ ചക്രവർത്തി വരുന്നുണ്ടായിരുന്നു. ചക്രവർത്തി ഒലിവു മരം നടുന്ന വൃദ്ധനോട് പറഞ്ഞു: 'വളരെ വൈകി കായ്ക്കുന്ന വൃക്ഷമാണല്ലോ ഇത്.' വൃദ്ധൻ പറഞ്ഞു: 'നമുക്ക് മുമ്പുള്ളവർ നട്ടുപിടിപ്പിച്ചു. അതിലുണ്ടായ കായ്കനികൾ നാം ഭക്ഷിച്ചു. ഇനി വരുന്ന തലമുറക്ക് വേണ്ടിയാണ് ഞാനിത് നടുന്നത്.'

ആഇശ(റ)യിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: ''ആരുടെയും ഉടമസ്ഥതയിലല്ലാത്ത ഭൂമിയിൽ ആരെങ്കിലും കൃഷി ചെയ്തു ജീവിച്ചാൽ അവനാകുന്നു അതിന്റെ ഏറ്റവും അവകാശമുള്ളയാൾ'' (ബുഖാരി). ഒരാളുടെയും ഉടമസ്ഥതയിലല്ലാത്ത ഒരു സ്ഥലത്ത് ആരെങ്കിലും കൃഷി ചെയ്താൽ അതിന്റെ പ്രതിഫലം ലഭിക്കുക കൃഷി ചെയ്ത ആൾക്കായിരിക്കും.

ഇന്നത്തെ നമ്മുടെ സമൂഹം പൊതുവെ രോഗാതുരമാണ്. ആളുകൾക്ക് ആരോഗ്യം ഉണ്ടാവണമെങ്കിൽ അധ്വാനം ആവശ്യമാണ്. നബി (സ) പറയുന്നു: ''അധിക മനുഷ്യരും രണ്ട് കാര്യങ്ങളിൽ വഞ്ചിതരായിപ്പോവുകയാണ്. ആരോഗ്യവും ഒഴിവു സമയവുമാണവ.'' സമയം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ മിനിറ്റും ജീവിതത്തിൽ വളരെ വിലപ്പെട്ടതാണ്. അത് പാഴാക്കാൻ പാടുള്ളതല്ല. അതുകൊണ്ട് തന്നെ കൃഷി ചെയ്യുന്നത് നല്ല മനസ്സോടെയും പ്രാർഥനയോടെയുമാണെങ്കിൽ പല തരത്തിലുള്ള അനുഗ്രഹങ്ങൾ അതുവഴി ലഭിച്ചുകൊണ്ടിരിക്കും. ●